(സി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ഇ.ഇ.സി. യുടെ പ്രതിനിധികളും മറ്റും അംഗങ്ങളായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയാണ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും.

(ഡി) ഫാക്ടറിയുടെ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിച്ചിട്ടില്ല. 1998 ജൂലായിൽ മാമ്പഴവും, 1998 സെപ്റ്റംബറിൽ കൈതച്ചക്കയും പരീക്ഷണാടിസ്ഥാനത്തിൽ സംസ്കരിച്ചു.

(ഇ)

I സാന്ദ്രീകൃത പഴച്ചാർ :-

i. കൈതച്ചക്ക - വർഷത്തിൽ 250 ദിവസങ്ങളിലായി 16,000 ടൺ.

ii. മാമ്പഴം - വർഷത്തിൽ 50 ദിവസങ്ങളിലായി 1,800 ടൺ.

II പഴച്ചാർ

(കുടിക്കുവാൻ പാകത്തിൽ) - മണിക്കൂറിൽ 6,000 പാക്കറ്റ്.

III ഫ്രൂട്ട് കാൻഡി - വർഷം 120 ടൺ.

(എഫ്) ഫാക്ടറിയിലേക്ക് സംഭരിക്കുന്ന കൈതച്ചക്കയ്ക്ക് ന്യായമായ വില നൽകുന്നു. അന്താരാഷ്ട്ര വിപണിയിൽ പഴച്ചാറിന്റെ വില അടിസ്ഥാനമാക്കിയാണ് ഫാക്ടറിയിലേക്കുള്ള സംഭരണവില നിശ്ചയിക്കുന്നത്.

24 (*84) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്ക് പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച കാർഷികോൽപ്പാദനത്തിലൂടെ സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലെത്തിക്കാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉപയോഗത്തിലില്ലാത്ത റവന്യൂവകഭൂമി താൽക്കാലികമായി കൃഷിവകുപ്പ് ഏറ്റെടുത്തോ; റവന്യൂ വകുപ്പുമായി ലെയ്സൺ സ്ഥാപിച്ച് ഭൂരഹിത കർഷകരുടെ സഹകരണസംഘങ്ങൾക്കോ തൊഴിൽരഹിതരും സന്നദ്ധരുമായ യുവാക്കൾക്കോ ഭക്ഷ്യവിളകൾ കൃഷി ചെയ്യാൻ പാട്ടത്തിനു നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രധാന ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുക എന്ന ഉദ്ദേശത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. രണ്ടു വർഷമായി നടപ്പാക്കി വരുന്ന 'തീവ്ര പച്ചക്കറി വികസന പദ്ധതിയും' പ്രധാനപ്പെട്ട നെൽക്കൃഷി മേഖലയിൽ വികസന അതോറിറ്റികൾ രൂപീകരിക്കുകയും അവയിലൂടെ നെൽക്കൃഷിക്ക് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്ന പദ്ധതിയും ഈ ലക്ഷ്യത്തിന്റെ ഭാഗമാണ്. കൂടാതെ പ്രധാനപ്പെട്ട നെൽക്കൃഷിമേഖലയിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ നിർദ്ദേശം ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾ സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലുണ്ട്. കാർഷികനയം രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുള്ള ഡോ.സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

25 (*85) പച്ചക്കറി ഉൽപ്പാദനം

ശ്രീ. യു.എസ്. ശശി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്ര; കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്ത് എത്ര പച്ചക്കറി ഉൽപ്പാദിപ്പിച്ചു;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹരിത സംഘങ്ങൾ പ്രവർത്തിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പച്ചക്കറി വിപണനത്തിനുള്ള സംവിധാനം എന്തൊക്കെയാണ്; ഇപ്പോൾ ഇതിനായി എത്ര ഹരിത സ്റ്റാളും സസ്യ സൂപ്പർ മർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1996-97 വരെ ശരാശരി പ്രതിവർഷ ഉൽപ്പാദനം 6 ലക്ഷം ടണ്ണായിരുന്നു. 1997-98-ൽ ഊർജ്ജിത പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 1997-98, 1998-99 കാലഘട്ടത്തിൽ 5.56 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു.

(ബി) സംസ്ഥാനത്ത് 1,102 ഹരിത സംഘങ്ങൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (1)-ൽ ചേർത്തിട്ടുണ്ട്.†

(സി) ഹരിതസംഘങ്ങൾ നടത്തുന്ന വിപണനകേന്ദ്രം വഴിയും ഹോർട്ടി കോർപ്പറേഷൻ വഴിയുമാണ് പച്ചക്കറികൾ മുഖ്യമായും വിപണനം നടത്തുന്നത്. ഹോർട്ടി കോർപ്പറേഷന്റെ കീഴിൽ 450 ഹരിത സ്റ്റാളുകളും 35 സസ്യ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (2)-ൽ ചേർത്തിട്ടുണ്ട്.†

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, ഇടുക്കി ജില്ലകളിൽ കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലപ്പുറം, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ പച്ചക്കറി സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly